بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 27.12.2024

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## യുദ്ധങ്ങളുടെയും മറ്റു സൈനിക നീക്കങ്ങളുടെയും വീക്ഷണത്തിലൂടെ തിരുനബി ചരിത്രം(സ).

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയ ശേഷം ഹുസൂർ പറഞ്ഞു;

ഇന്നും ഞാൻ ചില സൈനികനീക്കങ്ങളെ കുറിച്ച് പരാമർശിക്കുന്നതാണ്. ചരിത്രത്തിൽ സരിയ സൈദുബ്നു ഹാരിസ(റ) എന്നറിയപ്പെടുന്ന ഒരു സൈനിക നീക്കത്തെകുറിച്ച് പരാമർശമുണ്ട്. ഈ സരിയ ജമാദിയുൽ ആഖിറ, ഹിജ്റി 6ന് മദീനയിൽ നിന്നും എട്ട് രാത്രി സഞ്ചാരദൈർഘ്യമുള്ള ബനൂജസാമിന്റെ ഒരു പട്ടണമായ ഹിസ്മ യിൽ നടന്നതാണ്.

സാഹിബ്സാദാ ഹദ്റത്ത് മീർസാ ബഷീർ അഹ്മദ് സാഹിബ്(റ) പറയുന്നു; ഈ സരിയയുടെ ചരിത്രത്തെക്കുറിച്ച് ചില സംശയങ്ങളുണ്ട്. അതു വിവരിക്കേണ്ടത് ആവശ്യമാകുന്നു. ഇബ്നുസഅദും ഇതിനെ പിൻപറ്റിക്കൊണ്ടുള്ള മറ്റു ജീവചരിത്രകാരന്മാരും ഈ സരിയ ജമാദിയുൽ ആഖിറ, 6 ഹിജ്റിയിൽ നടന്നതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതുതന്നെയാണെന്ന് ശരി എന്നും അംഗീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാമാ ഇബ്നെ ഖയ്യിം, സാദുൽ മആദിൽ വിവരിച്ചിരിക്കുന്നത് ഈ സരിയ 7 ഹിജ്റി യിൽ സുലഹ് ഹുദൈബിയക്കു ശേഷം നടന്നതാണെന്നാണ്. വിനീതന്റെ വീക്ഷണത്തിൽ അല്ലാമാ ഇബ്നെ ഖയ്യിം വിട്ടുകളഞ്ഞിട്ടുള്ള ഒരു പ്രസ്താവനയുണ്ട് . അതായത് ദിഹ്യ കൽബി കൈസറുമായി കൂടിക്കാഴ്ചനടത്തുന്നതിനായി രണ്ടു തവണ പോയിട്ടുണ്ടാകാം. അതായത് സുലഹ് ഹുദൈബിയക്കു മുൻപ് ആദ്യത്തെ തവണ സ്വന്തം കച്ചവടാവശ്യാർത്ഥം പോയിട്ടുണ്ടാകാം. അപ്പോൾ കൈസറുമായി കൂടിക്കാഴ്ച നടത്തിയിട്ടുമുണ്ടാകും. രണ്ടാമത്തെ തവണ സുലഹ് ഹുദൈബിയക്കു ശേഷം നബി(സ)തിരുമേനിയുടെ കത്തുമായി പോയിട്ടുണ്ടാകും. ഈ പ്രസ്താവനക്ക് പിൻബലം നൽകുന്ന മറ്റൊരു കാര്യമെന്നത്, ഇബ്നെ ഇസ്ഹാഖ് എഴുതിയിരിക്കുന്നത് ഈ യാത്രയിൽ ദിഹ്യയുടെ കൂടെ കച്ചവടച്ചരക്കുകൾ ഉണ്ടായിരുന്നു. എന്നാൽ സുലഹ് ഹുദൈബിയക്ക് ശേഷമുള്ള യാത്രയിൽ പ്രത്യക്ഷത്തിൽ കച്ചവടച്ചരക്കുമായി ബന്ധപ്പെട്ട ഒന്നും കാണുന്നില്ല. ഇങ്ങിനെയുമാകാം, അതായത് ദിഹ്യയുടെ ഈ യാത്ര വെറും കച്ചവടാർത്ഥമായിരിക്കാം. ഇബ്നു സഅദിന്റെ നിവേദകൻ അദ്ദേഹത്തിന്റെ രണ്ടാമത്തെ യാത്രയുമായി കൂട്ടിക്കുഴച്ച് കൈസറുമായി കൂടിക്കാഴ്ച നടത്തിയതും ഉപഹാരങ്ങൾ നൽകിയതും നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയതാകാം. വല്ലാഹു അഅ്ലം.

പിന്നെ സരിയ അബ്ദുറഹ്മാനുബ്നു ഔഫ്(റ)ന്റെ പരാമർശവുമുണ്ട്. ഈ സരിയ ഹിജ്റി 6 ശുഅ്ബാനിൽ ദൂമത്തുൽ ജന്ദലിലേക്ക് അയക്കപ്പെട്ടതായിരുന്നു. ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മീർസാ ബഷീർ അഹ്മദ് സാഹിബ്(റ) ഇപ്രകാരം എഴുതിയിരിക്കുന്നു. ഈ സൈനികനീക്കത്തിന്റെ തയ്യാറെടുപ്പും പുറപ്പെടലുമായി ബന്ധപ്പെട്ട് ഇബ്നു ഇസ്ഹാഖ് അബ്ദുല്ലാഹിബ്നു ഉമർ(റ)ൽ നിന്നും മനോഹരമായ നിവേദനം ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്. ഒരിക്കൽ ഞങ്ങൾ കുറച്ചുപേർ, അതിൽ ഹദ്റത്ത് അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, അബ്ദുറഹ്മാനുബ്നു ഔഫ്(റ) എന്നിവരും ഉൾപ്പെട്ടിരുന്നു നബി(സ)യുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു അൻസാരി യുവാവ് വന്ന് നബി(സ)തിരുമേനിയോട് ചോദിച്ചു; യാ റസൂലല്ലാഹ് വിശ്വാസികളിൽ ഏറ്റവും ഉത്തമൻ ആരാണ്? അവിടന്ന് പറഞ്ഞു; സൽസ്വഭാവത്തിൽ ഉത്തമനായിട്ടുള്ളവൻ തന്നെ. അയാൾ ചോദിച്ചു; ഏറ്റവും വലിയ മുത്തഖി ആരാണ്? അവിടന്ന് പറഞ്ഞു; മരണത്തെക്കുറിച്ച് അധികമായി ഓർക്കുകയും ആ സമയത്തിനു മുൻപായിത്തന്നെ അതിനു തയ്യാറെടുപ്പ് നടത്തുകയും ചെയ്യുന്നവൻ തന്നെ.

ഹുസൂർ പറഞ്ഞു; “തയ്യാറെടുപ്പ് എന്നാൽ എന്താണ്? അല്ലാഹുവിനെ ഭയക്കുക, അവനോടുള്ള കടമകൾ നിർവ്വഹിക്കുക, അവന്റെ കല്പനകൾ അനുസരിച്ചു പ്രവർത്തിക്കുക. ഇതാണ് മരണത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പ്.” ഇത് കേട്ടപ്പോൾ ആ അൻസാരി യുവാവ് നിശബ്ദനായി. നബി(സ) ഞങ്ങളുടെ ഭാഗത്തേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു അല്ലയോ മുഹാജിറുകളുടെ സംഘമേ അഞ്ച് തിന്മകളിൽ നിന്നും അവ എന്റെ സമൂദായത്തിൽ ഉണ്ടാകരുതെന്ന് ഞാൻ

അല്ലാഹുവിനോട് രക്ഷ തേടുന്നു. കാരണം ഏതൊരു സമുദായത്തിലാണോ അവ ഉണ്ടാകുന്നത് ആ സമുദായത്തെ അത് നശിപ്പിച്ചുകളയുന്നു.

1. ഏതെങ്കിലും സമൂഹത്തിൽ ദുർനടപ്പും ദുഷ്കർമ്മവും വ്യാപിക്കുന്നത് അത് പരസ്യമായി ചെയ്യുമ്പോളാണ്. തൽഫലമായി അവരിൽ മുൻപുള്ള ആളുകളിൽ ഇല്ലാത്ത രോഗങ്ങളും മഹാമാരികളും പ്രത്യക്ഷപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു. ഹുസൂർ പറയുന്നു, ഇന്ന് ലോകത്ത് ഇതെല്ലാം സാധാരണയായി നാം കാണുന്നു. നബി(സ)തിരുമേനി ഇതിൽ നിന്നെല്ലാം രക്ഷ തേടിയിട്ടുണ്ട്. മുസ്‌ലിംകൾ ഇതിലേക്ക് പ്രത്യകമായും ശ്രദ്ധിക്കേണ്ടതാണ്.

2. ഒരു സമുദായത്തിലും അളവുതൂക്കങ്ങളിൽ വഞ്ചന കാണിച്ച് തിന്മയിലകപ്പെട്ടതിന്റെ ഫലമായി ആ സമുദായത്തിൽ വരൾച്ചയുടെയും കഷ്ടപ്പാടിന്റെയും അതുപോലെ ഭരണാധികാരിയുടെ ദ്രോഹത്തിന്റെയും ആപത്ത് വരാത്തതായിട്ടില്ല. ഹുസൂർ പറഞ്ഞു; ഇവിടെ വളരെ ശ്രദ്ധിക്കേണ്ടതാണ്. മുസ്‌ലിംകളിലും വിശ്വാസവഞ്ചന വളരെയധികം ആയിട്ടുണ്ട്. അവരിതു മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.അഹ്മദികളും ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. ഒരു സമുദായവും, സക്കാത്തിലും ദാനധർമ്മങ്ങളിലും അലസതയും അനാസ്ഥയും കാണിച്ചതിന്റെ ഫലമായി അവർക്കു മഴയുടെ ലഭ്യത കുറഞ്ഞ അവസ്ഥ ഉണ്ടാകാതിരുന്നിട്ടില്ല. (അത്തരം സമുദായത്തിന് മഴയുടെ ലഭ്യതക്കുറവുണ്ടാകുന്നു.)ഏതുവരെയെന്നാൽ അല്ലാഹുവിന് അവന്റെ സൃഷ്ടികളായ മൃഗങ്ങളുടെയും നാൽക്കാലികളുടെയും ചിന്തയില്ലായിരുന്നുവെങ്കിൽ ഇത്തരം സമുദായത്തിനുമേൽ മഴ വർഷിക്കുന്നത് തന്നെ പൂർണ്ണമായും നിർത്തിവയ്ക്കുമായിരുന്നു. ഹുസൂർ പറഞ്ഞു; ഇതും അല്ലാഹുവിന്റെ ശിക്ഷയുടെ അടയാളമാണ്. അതിൽ നിന്നും രക്ഷ തേടേണ്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു; ഞാൻ അതിൽനിന്നും രക്ഷ തേടുന്നു നിങ്ങളും രക്ഷതേടുക.

4. ഒരു സമുദായത്തിലും അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള ശപഥങ്ങൾ ലംഘിക്കുകയും തൽഫലമായി അന്യസമുദായക്കാരായ ശത്രുക്കൾ അധികാരം പിടിച്ചെടുക്കുകയും അവരുടെ അവകാശങ്ങൾ കൈക്കലാക്കുകയും ചെയ്യാത്തതായിട്ടില്ല.

ഹുസൂർ പറഞ്ഞു; മുസ്‌ലിംകളുടെ ഇന്നത്തെ അവസ്ഥ വ്യക്തമാക്കുന്നത് അവർ തങ്ങളുടെ ശപഥങ്ങളെ ലംഘിക്കുന്നവരാണ് എന്നാണ്.

അല്ലാഹു കരുണ ചെയ്യട്ടെ. ഇവർക്ക് തിരിച്ചറിവ് നൽകുമാറാകട്ടെ.

5. ഒരിക്കലും ഒരു സമുദായത്തിലെയും പണ്ഡിതന്മാരും നേതാക്കളും ശരീഅത്തിനു വിരുദ്ധമായി ഫത്‌വകൾ നൽകിക്കൊണ്ട് തങ്ങളുടെ താല്പര്യത്തിനുസരിച്ച് ശരീഅത്ത് വളച്ചൊടിക്കാൻ ആഗ്രഹിക്കുകയും തൽഫലമായി അവർക്കിടയിൽ തന്നെ കലഹങ്ങളുടെയും വഴക്കുകളുടെയും പരമ്പര ആരംഭിക്കാതിരുന്നിട്ടുമില്ല. ഹുസൂർ പറഞ്ഞു: മുസ്‌ലിംകളിൽ ഇന്ന് ഇത്തരത്തിലുള്ള വർഗ്ഗീകരണം സാധാരണമായി കണ്ടുവരുന്നു. അല്ലാഹു കരുണ കാണിക്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ ഈ വിലയേറിയ പ്രഭാഷണം സമുദായങ്ങളുടെ അഭിവൃദ്ധിയുടെയും അധ:പതനത്തിന്റെയും നിദാനമാകുന്ന കാര്യങ്ങളുടെ ഒരു അവലോകനമാണ്. മുസ്‌ലിംകൾ ആഗ്രഹിക്കുന്നുവെങ്കിൽ ഇക്കാലഘട്ടവും അവർക്ക് ഒരു ഉത്തമ പാഠമാണ്. ഹാ! മുസ്‌ലിംകൾ ഇക്കാര്യം ശ്രദ്ധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

അടുത്ത സൈനിക നീക്കമാണ്, ഫിദക്കിലേക്ക് അയക്കപ്പെട്ട സരിയ അലിയ്യുബ്നു അബീത്വാലിബ്(റ). ഇതിനെക്കുറിച്ചുള്ള വിവരണം ലഭ്യമാണ്. ഇത് 6 ഹിജ്റി ശുഅ്ബാനിലാണ് ഉണ്ടായത്. റസുലുല്ലാഹ്(സ) ഹജ്ദ്റത്ത് അലി(റ)യെ നൂറ് ആളുകളോടൊപ്പം ഫിദഖിലെ ബനൂസഅദുബ്നു ബക്കറിലേക്ക് അയച്ചു. ഏഴ് ഹിജ്റിയിൽ ഖൈബർ യുദ്ധാവസരത്തിൽ യുദ്ധമൊന്നും കൂടാതെ ഈ പ്രദേശം കീഴടക്കി.

സരിയ അബൂബക്കർ(റ)നെക്കുറിച്ചും പരാമർശമുണ്ട്. 6 ഹിജ്റിയിൽ ബനൂ ഫസാറയിലേക്കുള്ള സൈനിക നീക്കമായിരുന്നു അത്. ബനൂഫസാറ നജ്ദിലെ വാദിയുർഖുറായിൽ അതിവസിച്ചിരുന്നവരായിരുന്നു. അത്ത്വബ്ഖാത്തുൽ കുബ്റായിലും സീറത്തു ഇബ്നു ഹിശാമിലും എഴുതിയിരിക്കുന്നു. ഈ സൈനിക നീക്കം ഹദ്റത്ത് സൈദുബ്നു ഹാരിസ(റ)യുടെ നേതൃത്വത്തിലായിരുന്നു അയക്കപ്പെട്ടത്. എന്നാൽ സ്വഹീഹ് മുസ്‌ലിമിൽ നിന്നും സുനൻ അബീദാഊദിൽ നിന്നും മനസ്സിലാകുന്നത്, റസുലുല്ലാഹ്(സ) ഹദ്റത്ത് അബൂബക്കർ(റ)നെയാണ് ഈ സൈനികനീക്കത്തിന് അമീറായി നിശ്ചയിച്ചത് എന്നാണ്. ഈ യുദ്ധത്തിൽ മുസ്‌ലിംകളുടെ തിരിച്ചറിയറിയൽ കോഡ് അമിത് അമിത് എന്നതായിരുന്നു. ഹദ്റത്ത് സലമ ബിൻ അക്‌വ വിവരിക്കുന്നു; ഞാൻ അന്നേദിവസം എന്റെ കൈകൊണ്ട് ഏഴ് ആളുകളെ വധിച്ചു. മറ്റൊരു നിവേദനപ്രകാരം 9 ആളുകളെ വധിച്ചു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ മൂന്ന് മർഹൂമീങ്ങളെ അനുസ്മരിച്ചുകൊണ്ട് വിശദീകരിക്കുകയുണ്ടായി. അതിൽ ആദ്യത്തേത് ബഹുമാനപ്പെട്ട ത്വയ്യബ് അഹ്മദ് സാഹിബ് ബംഗാളിയുടെതാണ്. അദ്ദേഹം ഖാദിയാനിലെ ദർവേശ് ആയിരുന്നു. അദ്ദേഹം ഡിസംബർ11 ന് 97-ാം വയസ്സിൽ വഫാത്തായി *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* അദ്ദേഹം ബംഗ്ലാദേശിലാണ് ജനിച്ചത്. 1942ൽ ധാക്കയിൽവച്ച് ബൈഅത്ത് ഫോറം പൂരിപ്പിച്ച് അഹ്മദിയ്യത്തിൽ പ്രവേശിക്കാൻ സൗഭാഗ്യം ലഭിച്ചു. 1945ൽ ആദ്യമായി ജലസ സാലാന ഖാദിയാ

നിൽ പങ്കെടുത്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മായി കൂടിക്കാഴ്ച നടത്താൻ അവസരം ലഭിച്ചു. ഖാദിയാനോട് എത്രമാത്രം സ്നേഹമുണ്ടായിരുന്നു വെന്നാൽ അദ്ദേഹം പിന്നീട് സ്വദേശത്തേക്ക് പോയില്ല. രണ്ടു വർഷം ഗ്രാമീണ മുബല്ലിഗുമാർക്കു പ്രത്യേകമായുള്ള ക്ലാസ്സിൽനിന്നും വിദ്യാഭ്യാസം നേടി. അതിനിടയിൽ 1947ൽ രാജ്യത്തിന്റെ വിഭജനം നടന്നപ്പോൾ അദ്ദേഹം ഖാദിയാനിൽത്തന്നെ നിൽക്കാൻ അനുവാദം ചോദിക്കുകയും അനുവാദം ലഭിക്കുകയും ചെയ്തു. ദർവേശി കാലഘട്ടത്തിൽ വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിന് സെക്യൂരിറ്റി ഡ്യൂട്ടി ചെയ്യാൻ അവസരം ലഭിച്ചു. സദർ അഞ്ചുമൻ അഹ്മദിയ്യായുടെ വിവിധ ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കുള്ള അവസരം ലഭിച്ചു. 55, 56 കാലഘട്ടത്തിൽ ജമാഅത്തിന്റെ സാമ്പത്തികാവസ്ഥ മോശമായിരുന്നു. അപ്പോൾ സദർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ഇങ്ങനെ വിളംബരം ചെയ്തു; ദർവേശുമാർക്കാർക്കെങ്കിലും സ്വയംജോലി ചെയ്ത് സമ്പാദിക്കാൻ സാധിക്കുമെങ്കിൽ ജോലി അന്വേഷിക്കേണ്ടതാണ്. അലവൻസ് നൽകാൻ ജമാഅത്തിന് ഇപ്പോൾ സാധ്യമല്ല. അവരുടെ സാമ്പത്തികബാധ്യത ഏറ്റെടുക്കാൻ തൽക്കാലം സാധ്യമല്ല. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ദാറുൽ മസീഹ്നു വെളിയിൽ അങ്ങാടിയിൽ ഒരു ചായക്കട തുറന്നു. മിക്കപ്പോഴും പാവപ്പെട്ടവർക്കും അതിഥികൾക്കും ഫ്രീ ആയി ചായ കൊടുക്കുമായിരുന്നു.

കേരളത്തിലെ ഒരു വിവാഹമോചിതയായ സ്ത്രീയെയാണ് വിവാഹം കഴിച്ചത്. ആമിന സാഹിബയിൽ മുൻപ് ഒരു മകളുണ്ടായിരുന്നു ആ മകളെ അദ്ദേഹം വളർത്തി. കുറച്ചു കാലം മുൻപ് അദ്ദേഹത്തിന് കഠിനമായ കാൽമുട്ട് വേദന ഉണ്ടായി നടക്കാൻ ബുദ്ധിമുട്ടായി. ഓപ്പറേഷൻ ചെയ്യാൻ ഡോക്ടർമാർ നിർദ്ദേശിച്ചു. എന്നാൽ അദ്ദേഹം അത് സ്വീകരിച്ചില്ല. വളരെ വേദനയോടെ ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു, ഒരു രാത്രി ഹദ്റത്ത് മസീഹ് മൗഊദ്(അ) വരികയും ബഹിശ്തി മഖ്ബറയിലെ ഏതാനും ചെടികളിൽനിന്നും (പച്ചമരുന്ന്) കഴിക്കാൻ നൽകുകയും ചെയ്തു. അതിനുശേഷം പതുക്കെ പതുക്കെ കാൽമുട്ടിലെ ആ പ്രയാസം ഇല്ലാതായി. പിന്നീട് അദ്ദേഹത്തിന്റെ ഇഷ്ടമനുസരിച്ച് മസ്ജിദ് അഖ്സയിലും മസ്ജിദ് മുബാറിക്കിലും നമസ്കാരത്തിനായി പോകാൻ തുടങ്ങി. ഖിലാഫത്തിനോട് അഗാധമായ സ്നേഹവും ബന്ധവുമായിരുന്നു അദ്ദേഹത്തിന്. കളിവിനോദങ്ങളിൽ താലപര്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ യുവാക്കൾക്കും അദ്ദേഹവുമായി പ്രത്യേക ബന്ധമുണ്ടായിരുന്നു. അവരെ പ്രോത്സാഹിപ്പിക്കുമായിരുന്നു. കളിസ്ഥലത്ത് പോകുമായിരുന്നു. അത്തരത്തിൽ കുട്ടികളുടെ തർബിയ്യത്തും നടന്നിരുന്നു.

വിഭജന സമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ന്റെ നിർദ്ദേശപ്രകാരം 313 ദർവേശുകൾ ഖാദിയാനിൽ തങ്ങി. ഇപ്പോൾ വഫാത്തായ ഇദ്ദേഹം ആ ദർവേശുമാരിൽ അവസാനത്തെ ദർവേശായിരുന്നു. ഇപ്പോൾ ഖാദിയാനിൽ ദർവേശുമാർ ആരുമില്ല. ഖാദിയാനിലെ ഇപ്രാവശ്യത്തെ ജലസ ഒരു ദർവേശിന്റെ സാന്നിദ്ധ്യമില്ലാത്ത ആദ്യ ജലസയാണ്. ഇന്നുമുതൽ (ജലസ)ആരംഭിക്കുകയാണ്. ഇനി ഖാദിയാനിൽ വസിക്കുന്ന നവതലമുറയുടെ കടമയാണ്, ത്യാഗവര്യന്മാരായ തങ്ങളുടെ പൂർവ്വികരുടെ സമ്പ്രദായങ്ങളെ നിലനിർത്തിക്കൊണ്ട് ആത്മാർത്ഥതയോടും കൂറോടുംകൂടി ഖാദിയാനിൽ ജീവിതം നയിക്കുക. അല്ലാഹു അവർക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ)

അതുപോലെ ഹുസൂർ മിർസാ മുഹമ്മദ് ദീൻ നാസ് സാഹിബിനെയും (സദർ അഞ്ചുമൻ അഹ്മദിയ്യാ റബ്‌വ പാക്കിസ്ഥാൻ) ബഹുമാന്യ ഇക്മുറാത്ത് ഖാകായിഫ് സാഹിബിനെയും(നാഷണൽ സദർ ജമാഅത്ത് തുർക്മിനിസ്ഥാൻ) അനുസ്മരിച്ച് വിശദീകരിച്ച ശേഷം മൂന്ന് മർഹൂമീങ്ങളുടെയും ജനാസ നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരം ചെയ്തു. മർഹൂമീങ്ങളുടെ മഗ്ഫിറത്തിനു വേണ്ടിയും ദർജകളുടെ ഉയർച്ചക്കുവേണ്ടിയും ദുആ ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ۔ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ۔


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 27.12.2024
Malayalam Translation: **Moulavi K.Najumudheen, Pallipuram**
Layout: Hashim Ashraf For Malayalam Desk, Qadian
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516